"ഭരണഭാഷ- മലയാളം"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി - തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന് ഫൈബർ ബോട്ട് വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 75,000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1982/2021/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 13/10/2021

പരാമർശം : 1. പുത്തൻചിറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.09.2020 ലെ 1/8-ാം നമ്പർ തീരുമാനം.

2. പഞ്ചായത്ത് ഡയറക്ടറുടെ 21.04.2021 ലെ PAN/5187/2021-J1(DP) നമ്പർ കത്ത്.

3. പുത്തൻചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.07.2021 ലെ എ 4-2078/21 നമ്പർ കത്ത്.

4. വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14/07/2021 ലെ 2.2(4.26)-ാം നമ്പർ തീരുമാനം

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ പുലയൻതുരുത്തിൽ 3 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. നിലവിൽ കടത്തുതോണി സംവിധാനമില്ലാത്തതിനാൽ ഇവരുടെ ആവശ്യത്തിലേക്കും പഞ്ചായത്ത് അധികൃതർക്ക് തുരുത്തും അതിർത്തി പ്രദേശങ്ങളും സന്ദർശിക്കുന്നതിനുമായി ഫൈബർ ബോട്ട് വാങ്ങുന്നതിന് വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി തേടുവാൻ പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

(2) പുലയൻ തുരുത്തിൽ താമസിക്കുന്നവർക്ക് സാധനങ്ങൾ വാങ്ങുന്നതിനും മറ്റു പൊതു ആവശ്യത്തിനുമായി മറ്റ് പ്രദേശങ്ങളിലേക്ക് എത്തിച്ചേരുന്നതിനും പ്രളയസമയങ്ങളിൽ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാലും പഞ്ചായത്ത് അധികൃതർക്ക് തുരുത്തും അതിർത്തി പ്രദേശങ്ങളും മറ്റും സന്ദർശിക്കുന്നതിനും ഒരു ബോട്ടിന്റെ ആവശ്യമുള്ളതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 75,000/- ( എഴുപത്തി അയ്യായിരം രൂപ മാത്രം ) വകയിരുത്തി പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന് ബോട്ട് വാങ്ങുന്നതിന് അനുമതി നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

(3) 14.07.2021 ൽ നടന്ന വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്തിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുത്തൻചിറ ഗ്രാമപഞ്ചായത്തിന് ബോട്ട് വാങ്ങുന്നതിന് അനുമതി നൽകുവാൻ പരാമർശം (4) പ്രകാരം വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) ലെ

വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുത്തൻചിറ ഗ്രാമപഞ്ചായത്തിന് ബോട്ട് വാങ്ങുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ഫൈബർ ബോട്ട് വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 75,000/- (എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കേണ്ടതാണ്.
- ഇപ്രകാരം വാങ്ങുന്ന ബോട്ട് കരാറിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറേണ്ടതാണ്.
- ബോട്ടിന്റെ ഉപയോഗം പുലയൻതുരുത്തിൽ താമസിക്കുന്നവർക്ക് ഉറപ്പുവരുത്തേണ്ടതാണ്.
- ബോട്ടുമായി ബന്ധപ്പെട്ട ആവർത്തന ചെലവുകൾ, അറ്റകുറ്റപണികൾ എന്നിവ നടത്തുന്നതിനുള്ള ഫണ്ടുകൾ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.
- ബോട്ടിന് ജലഗതാഗത വകുപ്പ് (കനാൽ) രജിസ്ട്രേഷൻ, ഇൻഷുറൻസ് എന്നിവ നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്.
- പ്രളയം ഉൾപ്പെടെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ ബോട്ട് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം

സെക്രട്ടറി , പുത്തൻചിറ ഗ്രാമപഞ്ചായത്ത് , തൃശ്ശൂർ.

ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി , ജില്ലാ ആസൂത്രണസമിതി , തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I / ഓഡിറ്റ്-II ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഐ.& പി ആർ വെബ് ന്യൂ മീഡിയ

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ആർസി3/123/2021/തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Bindu

സെക്ഷൻ ഓഫീസർ